**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1658** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>ഹരിത കർമ്മ സേന ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കുറുക്കോളി മൊയ്തീൻ

ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** ഹരിത കർമ്മ സേന വീടുകളിൽ നിന്ന് ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ എത്തിക്കേണ്ടത് എവിടെയാണെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ഹരിതകർമ്മസേന വീടുകളിൽ നിന്ന് ശേഖരിക്കുന്ന പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ സാധാരണയായി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ കീഴിലുള്ള മിനി എം.സി.എഫ് (Mini MCF), എം.സി.എഫ് (Material Collection Facility), അല്ലെങ്കിൽ റിസോഴ്സ് റിക്കവറി ഫെസിലിറ്റി (RRF) എന്നിവിടങ്ങളിലാണ് എത്തിക്കേണ്ടത്.

**(ബി)** വീടുകളിൽ നിന്ന് ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ കൃത്യമായി സംസ്കരിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾ എന്തൊക്കെ നടപടികളാണ് സ്വീകരിക്കേണ്ടത് എന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** വീടുകളിൽ ജൈവ-അജൈവ മാലിന്യങ്ങൾ വേർതിരിച്ച് നൽകുന്ന രീതി കർശനമായി നടപ്പാക്കുക, ശേഖരിക്കുന്ന പ്ലാസ്റ്റിക് തരംതിരിച്ച് സൂക്ഷിക്കാൻ മതിയായ രീതിയിലുള്ള എം.സി.എഫ് സൗകര്യങ്ങൾ ഒരുക്കുക, പുനരുപയോഗയോഗ്യമായ പ്ലാസ്റ്റിക് അംഗീകൃത റീസൈക്ലർമാർക്ക് കൈമാറുക, റീസൈക്കിൾ ചെയ്യാൻ കഴിയാത്ത പ്ലാസ്റ്റിക്, റിജക്റ്റ് മാലിന്യങ്ങൾ (MLP/Multi layered Plastic, തുണി ചെരുപ്പ്, ബാഗ് മുതലായവ) സിമന്റ് ഫാക്ടറികളിലേക്കോ കോ-പ്രോസസിംഗ് യൂണിറ്റുകളിലേക്കോ അയയ്ക്കുക എന്നീ **നടപടികളാണ് സ്വീകരിക്കേണ്ടത്.** തരംതിരിച്ച പാഴ്വസ്തുക്കൾ ക്ലീൻ കേരള കമ്പനിക്കോ (CKCL)അല്ലെങ്കിൽ ശുചിത്വ മിഷൻ എംപാനൽ ചെയ്ത അംഗീകൃത ഏജൻസികൾക്കോ കരാർ പ്രകാരം കൈമാറി ശാസ്ത്രീയ പുനചക്രമണത്തിന് വിധേയമാക്കണം.

ഇപ്രകാരം ഉറവിടത്തിൽ നിന്നുള്ള ശേഖരണം, താൽക്കാലിക സംഭരണം, കേന്ദ്രീകൃത തരംതിരിക്കൽ, അംഗീകൃത ഏജൻസികൾക്ക് കൈമ്മാറ്റം എന്നീ ഘട്ടങ്ങൾ കൃത്യമായി നടപ്പിലാക്കുന്നതിലൂടെ പ്ലാസ്റ്റിക് മാലിന്യങ്ങളുടെ ശാസ്ത്രീയ സംസ്കരണവും ഫലപ്രദമായ . മാലിന്യനിർമാർജനവും ഉറപ്പാക്കാൻ കഴിയും.

**(സി)** വീടുകളിൽ നിന്ന് ഹരിത കർമ്മ സേന ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ ജനവാസ കേന്ദ്രങ്ങളിലും വഴിവക്കുകളിലും നിക്ഷേപിക്കുന്നത് നിയമവിധേയമാണോ അല്ലെങ്കിൽ അത്തരം പ്രവൃത്തികൾ കണ്ടെത്തിയാൽ അവർക്കെതിരെ സ്വീകരിക്കാവുന്ന നിയമ നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** വീടുകളിൽ നിന്ന് ഹരിത കർമ്മ സേന ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ ജനവാസ കേന്ദ്രങ്ങളിലും റോഡരികുകളിലും പൊതു സ്ഥലങ്ങളിലും നിക്ഷേപിക്കുന്നത് നിയമവിധേയമല്ല. ഇത്തരം പ്രവർത്തനങ്ങൾ നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമാണ്. വീടുകളിൽ നിന്ന് ശേഖരിച്ച മാലിന്യം അംഗീകൃത സംഭരണ/സംസ്കരണ കേന്ദ്രങ്ങളിലേക്കോ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളിലേക്കോ (MCF/RRF) മാത്രമേ എത്തിക്കാവൂ. ജനവാസ കേന്ദ്രങ്ങളിലും റോഡരികുകളിലും പൊതു സ്ഥലങ്ങളിലും നിക്ഷേപിക്കുന്നത് കണ്ടെത്തിയാൽ മാലിന്യം നിക്ഷേപിച്ച സ്ഥലം ശുചീകരിച്ച് അംഗീകൃത കേന്ദ്രത്തിലേക്ക് മാറ്റാൻ നിർദ്ദേശിക്കാം. അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ബൈലോകൾ പ്രകാരമോ Solid Waste Management Rules പ്രകാരമോ പിഴ ഈടാക്കാം.

**(ഡി)** ഹരിത കർമ്മ സേന മാസംതോറും കൃത്യമായി വീടുകളിൽ നിന്ന് പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കം ചെയ്യാത്ത സാഹചര്യങ്ങളിൽ സേവനം ലഭിക്കാത്ത മുൻ മാസങ്ങളിലെ യൂസർ ഫീ നൽകാൻ വീട്ടുടമസ്ഥൻ ബാധ്യസ്ഥനാണോ എന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ഹരിത കർമ്മ സേനയുടെ യൂസർ ഫി എന്നത് നൽകുന്ന സേവനത്തിനുള്ള പ്രതിഫലമാണ്. ആയതിനാൽ ഹരിത കർമ്മ സേന മാസംതോറും വീട്ടുകളിൽ നിന്ന് പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കുന്ന സേവനം നൽകിയിട്ടില്ലെങ്കിൽ, ആ കാലയളവിലെ യൂസർ ഫീ ഈടാക്കുന്നത് സംബന്ധിച്ച് തർക്കമുയർത്താൻ വീട്ടുടമസ്ഥന് അവകാശമുണ്ട്. എന്നാൽ പ്രായോഗികമായി ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പാസാക്കിയിട്ടുള്ള ബൈലോകൾ (Bye- laws) അല്ലെങ്കിൽ കൗൺസിൽ,പഞ്ചായത്ത് തീരുമാനങ്ങൾ പ്രകാരം പ്രതിമാസ യൂസർ ഫീ നിശ്ചയിച്ചിട്ടുണ്ടാകാം. അത്തരം സാഹചര്യങ്ങളിൽ സേവനം ലഭിച്ചില്ലെന്ന് തെളിയിക്കാൻ കഴിയുമെങ്കിൽ, ഫീസ് ഒഴിവാക്കുന്നതിനോ കുറയ്ക്കുന്നതിനോ വേണ്ടി പരാതി നൽകാം. എന്നാൽ ഹരിതകർമ്മസേന ശേഖരണത്തിനായി എത്തിയിട്ടും വീട്ടുകാർ മാലിന്യം കൈമാറാതിരുന്നാൽ, ഫീസ് അടയ്ക്കേണ്ട ബാധ്യത നിലനിൽക്കും.

**(ഇ)** വീടുകളിൽ നിന്ന് മാസംതോറും കൃത്യമായി പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കം ചെയ്തില്ലെങ്കിൽ എന്തു നടപടിയാണ് സ്വീകരിക്കുന്നത്; മാലിന്യം നീക്കം ചെയ്യാത്ത ഹരിത കർമ്മ സേനക്കെതിരെ സ്വീകരിക്കുന്ന നടപടിയും വ്യക്തമാക്കാമോ?

**<u>മറുപടി:</u>** ഹരിതകർമ്മസേന നിശ്ചിത ഇടവേളകളിൽ വീടുകളിൽ നിന്ന് അജൈവ പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കാതെ സേവനത്തിൽ വീഴ്ച വരുത്തുകയാണെങ്കിൽ, ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് (പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ) പരാതി ലഭിച്ച ശേഷം അന്വേഷണം നടത്തി നടപടി സ്വീകരിക്കാം. ഹരിതകർമ്മസേന അംഗത്തോടോ ബന്ധപ്പെട്ട വാർഡ് യൂണിറ്റിനോടോ കാരണം ചോദിച്ച് വിശദീകരണം തേടാം. തുടർച്ചയായി സേവനവീഴ്ച ഉണ്ടെങ്കിൽ വാർഡ് ചുമതല മാറ്റുകയോ മറ്റംഗങ്ങളെ നിയോഗിക്കുകയോ ചെയ്യാം.

**സെക്ഷൻ ഓഫീസർ**